Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE

P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

25.6.2016

All Kerala Press Release
*Ref: 225/POC/DIR*

## കുടുംബങ്ങൾ സ്നേഹാലയമാകണം: ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി

**കൊച്ചി:** കുടുംബജീവിതത്തിന്റെ വെല്ലുവിളികൾ അതിജീവിക്കാൻ കുടുംബങ്ങൾ സ്നേഹത്തിന്റെയും കരുതലിന്റെയും ആലയങ്ങളാകണമെന്ന് കോട്ടപ്പുറം രൂപതാധ്യക്ഷൻ ഡോ. ജോസഫ് കാരിക്കശ്ശേരി. സ്നേഹത്തിന്റെ സന്തോഷം കെട്ടുപോകാതിരിക്കാൻ കുടുംബങ്ങൾ വിശ്വാസത്തിൽ അടിയുറച്ചു വളരണമെന്നും, ദൈവം ഒരിക്കലും തന്റെ കരുണയുടെ വാതിൽ മനുഷ്യനുനേരെ അടച്ചു കളയുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഫ്രാൻസീസ് പാപ്പായുടെ ഏറ്റവും പുതിയ അപ്പോസ്തോലിക ആഹ്വാനമായ 'സ്നേഹത്തിന്റെ സന്തോഷത്തെ'ക്കുറിച്ചുള്ള ത്രിദിന പഠനശിബിരം പിഒസിയിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് അധ്യക്ഷത വഹിച്ചു.

ഫാ വർഗ്ഗീസ് വള്ളിക്കാട്ട്, ഫാ. ജോളി വടക്കൻ, റവ. ഫാ. പോൾ മാടശ്ശേരി, റവ. ഡോ. റോൾഡൺ ജേക്കബ്, റവ. ഡോ. ജോൺസൺ പുതുശ്ശേരി, റവ. ഡോ. അഗസ്റ്റിൻ കല്ലേലി, റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി, റവ. ഡോ. ജോളി കരിമ്പിൽ, റവ. ഡോ. ജോസ് ചിറമേൽ എന്നിവർ ക്ലാസുകൾ നയിക്കും.

കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഫാ. പോൾ മാടശ്ശേരി, റവ. ഫാ. ഷിബു സേവ്യർ ഒസിഡി, ശ്രീ. മാത്തപ്പൻ എന്നിവർ പ്രസംഗിച്ചു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ: ഫ്രാൻസീസ് പാപ്പായുടെ അപ്പോസ്തോലിക ആഹ്വാനമായ 'സ്നേഹത്തിന്റ സന്തോഷത്തെ'ക്കുറിച്ചുള്ള ത്രിദിന പഠനശിബിരം പിഒസിയിൽ കോട്ടപ്പുറം രൂപതാധ്യക്ഷൻ ഡോ. ജോസഫ് കാരിക്കശ്ശേരി ഉദ്ഘാടനം ചെയ്യുന്നു. ഫാ. പോൾ മാടശ്ശേരി, ശ്രീ മാത്തപ്പൻ, ഫാ. വർഗീസ് വള്ളിക്കാട്ട്, സി. നവ്യ സി.റ്റിസി., ഫാ. ഷിബു സേവ്യർ ഒസിഡി എന്നിവർ സമീപം